(എ) യൂണിവേഴ്സിറ്റി സെനറ്റിൽ രജിസ്ട്രേഡ് ഗ്രാജുവേറ്റ് മണ്ഡലം ഇല്ലാതായതോടെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സെനറ്റിലും സിൻഡിക്കേറ്റിലും സംവരണ വ്യവസ്ഥയിലൂടെ കടന്നുവരാനുണ്ടായിരുന്ന അവസരം ഇല്ലാതായ സ്ഥിതി ക്ണക്കിലെടുത്ത് ഇവർക്ക് മുൻപുണ്ടായിരുന്ന പ്രാതിനിധ്യം പുനഃസ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) സാങ്കേതികമായി ജൂനിയർ കോളേജുകളും ഇല്ലാതായ സാഹചര്യത്തിൽ ജൂനിയർ കോളേജ് പ്രിൻസിപ്പൽമാരുടെ പ്രതിനിധി എന്ന നിലയിൽ സെനറ്റിലേക്ക് ആരും തിരഞ്ഞെടുക്കപ്പെടാനിടയില്ലാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യൂണിവേഴ്സിറ്റി സെനറ്റുകളിൽ ഗവൺമെന്റ് ആർട്സ് ആൻറ് സയൻസ് കോളേജ് അദ്ധ്യാപകർക്കും പ്രൊഫഷണൽ കോളേജ് അദ്ധ്യാപകർക്കും പ്രത്യേക പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർവ്വകലാശാലാ സെനറ്റിലും സിൻഡിക്കേറ്റിലും നിയമസഭാ സാമാജികർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ മറ്റ് വിഭാഗങ്ങൾ എന്നീ മണ്ഡലങ്ങളിൽ പട്ടികവിഭാഗ പ്രാതിനിധ്യം നിലവിലുണ്ട്. രജിസ്ട്രേഡ് ബിരുദധാരികളുടെ മണ്ഡലം പൂർണ്ണമായി നിറുത്തലാക്കിയ സ്ഥിതിക്ക് പ്രാതിനിധ്യ സ്വഭാവത്തിൽ കുറവ് വരുന്നില്ല.

(ബി ആൻറ് സി) പ്രിൻസിപ്പൽ, അദ്ധ്യാപകർ എന്നീ വിഭാഗങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുമ്പോൾ സർക്കാർ കോളേജ്, പ്രൊഫഷണൽ കോളേജ് പ്രിൻസിപ്പൽ, അദ്ധ്യാപകർ എന്നിവർക്ക് പ്രത്യേകം പ്രാതിനിധ്യം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വകാര്യ-സഹായ കോളേജ് പ്രിൻസിപ്പൽ, അദ്ധ്യാപകർ എന്നിവർക്ക് സർവ്വകലാശാല സമിതികളിൽ പ്രാതിനിധ്യം നൽകേണ്ടതുണ്ട്. അതിനായി ബിൽ തയ്യാറാക്കി വരുന്നുണ്ട്. ഈ ദേഭഗതി വരുമ്പോൾ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തമായ എണ്ണം നിശ്ചയിച്ച് നൽകാൻ കഴിയും.

സാക്ഷരതാമിഷന്റെ തുടർവിദ്യാഭ്യാസ പരിപാടിക്ക് ആവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി

57 [1579] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന തുടർവിദ്യാഭ്യാസ പരിപാടിക്ക് ആവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തുമെന്ന സർക്കാർ പ്രഖ്യാപനം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രാബല്യത്തിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തുടർ വിദ്യാഭ്യാസ പരിപാടിയിൽ പ്രവർത്തിക്കുന്ന പ്രേരക് മാർക്ക് 2004 ഡിസംബറിനുശേഷം നൽകാനുള്ള അലവൻസ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് നിരക്ഷരരായി അവശേഷിക്കുന്ന ആളുകളെ സാക്ഷരരാക്കുവാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) പ്രാബല്യത്തിൽ വന്നിട്ടില്ല. (ഇക്കാര്യത്തിൽ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.)

(ബി) ഇക്കാര്യത്തിൽ ആവശ്യമായ നടപടികളും സാക്ഷരതാമിഷൻ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് നിരക്ഷരരായി അവശേഷിക്കുന്നവരെ സാക്ഷരരാക്കാനുള്ള പദ്ധതി ആവിഷ്കരിക്കാൻ സാക്ഷരതാ മിഷനു ഉദ്ദേശ്യമുണ്ട്.

കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്കിൽ വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റൽ നിർമ്മാണം

58 [1580] ശ്രീ. പി.കെ. അബ്ദുറബ്ബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്കിൽ വിദ്യാർത്ഥിനികൾക്കുള്ള ഹോസ്റ്റൽ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ അത് അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആൻറ് ബി) 2005-06 ബഡ്ജറ്റ് വിഹിതത്തിൽ കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്ക് കെട്ടിട നിർമ്മാണത്തിനുവേണ്ടി നടപ്പ് സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപയും ഹോസ്റ്റൽ നിർമ്മാണത്തിന് 4,86,000 രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിൻപ്രകാരം ഹോസ്റ്റൽ കെട്ടിടത്തിനുവേണ്ട പ്ലാനും എസ്റ്റിമേറ്റും തയാറാക്കാൻ ചീഫ് എഞ്ചിനീയറോട് (ബിൽഡിംഗ് ആൻറ് ലോക്കൽ വർക്സ്) ആവശ്യപ്പെട്ടിട്ടുണ്ട്.

എറണാകുളം ജില്ലയിലെ വേങ്ങൂർ മാർകൗമ ഹയർ സെക്കണ്ടറി സ്കൂളിലെ ജിംന ജോയി എന്ന അദ്ധ്യാപികയ്ക്ക് സീനിയോറിറ്റി പുനഃസ്ഥാപിച്ചു കിട്ടുന്നതിന് നടപടി

59 [1583] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വേങ്ങൂർ മാർകൗമ ഹയർ സെക്കണ്ടറി സ്കൂളിലെ ജിംന ജോയി എന്ന അദ്ധ്യാപിക സീനിയോറിറ്റി പുനഃസ്ഥാപിച്ചു കിട്ടുന്നതിന് അപേക്ഷ നൽകിയിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly